മത്സ്യബന്ധന ബോട്ടുകൾക്കുള്ള ലൈസൻസും രജിസ്ട്രേഷനും

96 [253] ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. പി. വിശ്വനാഥൻ:
" വി. ബാലറാം:
" പ്രയാർ ഗോപാലകൃഷ്ണൻ:
" ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന ബോട്ടുകൾ അടുപ്പിക്കുന്നതിന് സംസ്ഥാനത്തുള്ള മത്സ്യബന്ധന തുറമുഖങ്ങളിലെ രജിസ്ട്രേഷനും സംസ്ഥാനത്ത് നിന്നുള്ള ലൈസൻസും എടുക്കേണ്ടതുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ രേഖകളില്ലാത്ത മറ്റു സംസ്ഥാനങ്ങളിലെ ഷിപ്പിംഗ് ബോട്ടുകൾ കേരള തീരത്ത് മത്സ്യബന്ധനം നടത്തുകയും കേരളത്തിലുള്ള ഫിഷിംഗ് ഹാർബറുകളിൽ ബോട്ട് അടുപ്പിക്കുകയും ചെയ്യുന്നുണ്ടോ;

(സി) ഇതിനോട് സംസ്ഥാനത്തുള്ള മത്സ്യത്തൊഴിലാളികൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ;

(ഡി) അന്യ സംസ്ഥാനങ്ങളിൽ ഉള്ള എത്ര ഫിഷിംഗ് ബോട്ടുകൾ സംസ്ഥാനത്തിന്റെ കടൽ തീരത്ത് മത്സ്യബന്ധനം നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ സമുദ്രാതിർത്തിക്കു പുറത്ത് മത്സ്യബന്ധനം നടത്തുന്ന അന്യ സംസ്ഥാന ബോട്ടുകൾ സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളിൽ അടുപ്പിക്കാറുണ്ട്. ഇതിന് ബന്ധപ്പെട്ട തുറമുഖ ഉദ്യോഗസ്ഥരുടെ അനുമതി വാങ്ങാറുമുണ്ട്.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തിന്റെ സമുദ്രാതിർത്തിക്കുള്ളിൽ അന്യ സംസ്ഥാന യാനങ്ങൾ മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly